# നാവായിക്കുളം ഗവഃഹയർസെക്കണ്ടറി സ്കൂൾ SPC യൂണിറ്റ് TR 594

കൊറോണ കാലത്ത് മാതൃകാ പരമായ പ്രവർത്തനമാണ് Govt HSS നാവായിക്കുളം സ്കൂളിലെ **SPC** യൂണിറ്റ് നടത്തിയത്. ലോക്ക്ഡൗൺ തുടങ്ങിയ ആദ്യ ദിനങ്ങളിൽ തന്നെ വീടിനു പരിസരത്തുള്ള ആളുകൾക്ക് മാസ്ക് ഉം സാനിറ്റൈസറും വിതരണം ചെയ്തു. പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കാനും കോവിഡ് ഭീതി അകറ്റി ജാഗ്രത കൈ വരിക്കാനും തക്ക വിധം ബോധവത്കരണം ഓരോരുത്തരും നടത്തി. കല്ലമ്പലം പോലീസ് സ്റ്റേഷനിലും ആരോഗ്യകേന്ദ്രത്തിലും മാസ്ക് വിതരണം ചെയ്തു .



**കല്ലമ്പലം പോലീസ് സ്റ്റേഷനിലേക്കുള്ള മാസ്ക് വിതരണം**

ലോക്ക്ഡൗൺ ദിനങ്ങളിൽ നമുക്ക് വേണ്ടി കഷ്ടപെട്ട പോലീസ് ഉദ്യോഗസ്ഥർക്കും ആരോഗ്യപ്രവർത്തകർക്കും കല്ലമ്പലം ജംഗ്ഷനിൽ എല്ലാദിവസവും ചായയും ലഘുഭക്ഷണവും വിതരണം ചെയ്തു . സൂപ്പർ സീനിയർ SPC കേഡറ്റ് ആയ അസ്നയും സീനിയർ കേഡറ്റ് ആയ സ്നേഹയും നിർധനരായ 5 കുടുംബത്തിന് പച്ചക്കറി കിറ്റ് വിതരണം ചെയ്തു .സീനിയർ SPC കേഡറ്റ് ആയ റോഷ്നി തനിക്ക് ഇന്നുവരെ പഠന മികവിന് ലഭിച്ച സ്കോളർഷിപ്പ് തുക നാവായിക്കുളം പഞ്ചായത്തിൻറെ കീഴിൽ പ്രവർത്തിച്ച കമ്മ്യൂണിറ്റി അടുക്കളയിലേക്കു സംഭാവന ചെയ്തു .



# ഇനിയുമെത്രയോ!

## സമൂഹ അടുക്കളയിലേക്ക് സഹായപ്രവാഹം

കല്ലമ്പലം ● നാവായിക്കുളം ഗവ. ഹയർസെക്കൻഡറി സ്കൂളിലെ എസ്പിസി വിദ്യാർഥികളുടെ നേതൃത്വത്തിൽ സ്വരൂപിച്ച ഭക്ഷണ പ്പൊതികൾ ആരോഗ്യപ്രവർത്തകർക്കും പൊലീസിനും വിതരണം ചെയ്തു. വിദ്യാർഥികളായ ഗൗരിശങ്കർ, രോഷ്നി എന്നിവർ ചേർന്ന് കല്ലമ്പലം സിഐ: ഫറോസിന് കൈമാറി. എസ്. ബാലചന്ദ്രൻ, എം. ആർ. ഫൈസൽഖാൻ, ജെസി, അജയകുമാർ എന്നിവർ പങ്കെടുത്തു.

നാവായിക്കുളം ഗവ.എച്ച്എസിലെ എസ്പിസി വിദ്യാർഥികളുടെ നേതൃത്വത്തിൽ പൊലീസുകാർക്കുള്ള ഭക്ഷണം വിതരണം ചെയ്യു




ലഘുഭക്ഷണ വിതരണം



# റോഷിനിയുടെ സ്കോളർഷിപ്പ് തുക ഇക്കുറി ഭക്ഷ്യധാന്യം നൽകാൻ

നാവായിക്കുളം ഗവ. ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥിനിയാണ് റോഷിനി

കല്ലമ്പലം● സ്കോളർഷിപ്പ് തുക കൊണ്ട് കമ്യൂണിറ്റി കിച്ചനിലേക്ക് ഭക്ഷ്യധാന്യകിറ്റുകൾ വാങ്ങി നാവായിക്കുളം ഗവ.ഹയർസെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിനിയായ റോഷിനി. സ്റ്റുഡന്റ്സ് പൊലീസ് കെഡറ്റിലെ അംഗം കൂടിയാണ് റോഷിനി.

നാവായിക്കുളം കമ്യൂണിറ്റി കിച്ചനിലേക്ക് സ്കോളർഷിപ്പ് തുകയിലൊതുങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകിയാണ് റോഷിനി തന്റെ കടമ നിറവേറ്റിയത്. പഞ്ചായത്ത് അംഗങ്ങളായ ബിനു,സിയാദ്, ആസിഫ്കടയിൽ, കല്ലമ്പലം പൊലീസിലെ അനിൽകുമാർ എന്നിവർ പങ്കെടുത്തു.

റോഷിനി സ്കോളർഷിപ്പ് തുക കൊണ്ട് വാങ്ങിയ ഭക്ഷ്യധാന്യ കിറ്റുകൾ പഞ്ചായത്ത് അധികൃതർക്ക് കൈമാറുന്നു.




കമ്മ്യൂണിറ്റി കിച്ചൻ





പച്ചക്കറി കിറ്റ് വിതരണം

എടുത്തു പറയാവുന്ന മറ്റൊരുനേട്ടം കേഡററ്സ്ന് വിഷുകൈനീട്ടമായി ലഭിച്ച 11000 രൂപ MLA ജോയി അവർകൾ വഴി മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.



ദുരിതാശ്വാസ നിധിയിലേക്ക് സഹായപ്രവാഹം

# വിഷുക്കൈനീട്ടം ദുരിതാശ്വാസ നിധിയിലേക്ക് നൽകി വിദ്യാർഥികൾ

കല്ലമ്പലം: ഇക്കൊല്ലത്തെ വിഷുക്കൈനീട്ടം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന മുഖ്യമന്ത്രിയുടെ നിർദേശം ശിരസാവഹിച്ച് നാവായിക്കുളം ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡൻറ്സ് കാഡറ്റുകൾ മാതൃകയായി. സ്കൂളിലെ കുട്ടികളാണ് 88 എസ്.പി.സി അംഗങ്ങൾ. സ്കൂൾ അങ്കണത്തിൽ എസ്.പി.സി ക്യാപ്റ്റന്മാരായ ആകാശ് രാജ്, അഞ്ജനശ്രീ എന്നിവരിൽനിന്ന് അഡ്വ. വി. ജോയി എം.എൽ.എ തുക സ്വീകരിച്ചു. പി.ടി.എ പ്രസിഡൻറ്, അധ്യാപകരായ വിജയലക്ഷ്മി, സിദ്ധിക് എന്നിവരുടെ നേതൃത്വത്തിലാണ് തുക സമാഹരിച്ചത്. കല്ലമ്പലം പൊലീസ് ഇൻസ്പെക്ടർ ഐ. ഫറോസ്, പി.ടി.എ പ്രസിഡൻറ് ഫൈസൽ ഖാൻ, എസ്.ഐ അനിൽ, മനഃശാസ്ത്ര കൗൺസലർ സിദ്ധിക്, വിജയലക്ഷ്മി, എസ്.പി.സി പരിശീലകരായ അജയകുമാർ, പ്രകാശ് എന്നിവരും പങ്കെടുത്തു.

നാവായിക്കുളം എച്ച്.എസ്.എസിലെ എസ്.പി.സി കാഡറ്റുകൾ സമാഹരിച്ച വിഷുക്കൈനീട്ടം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കായി വി. ജോയി എം.എൽ.എക്ക് കൈമാറുന്നു

ലോക്കഡോൺ ദിവസങ്ങളിൽ ഐജി വിജയൻസാറിൻറെ ഒരു വയററുയൂട്ടാം വിശപ്പകറ്റാം പദ്ധതിയുടെ ഭാഗമായി എല്ലാദിവസവും ഉച്ചക്ക് നിരാലംബരായ ഒരുപാടുപേർക്ക് പൊതിച്ചോറ് വിതരണം ചെയ്തു.




**ഒരു വയറൂട്ടാം വിശപ്പകറ്റാം ഉച്ച ഭക്ഷണ വിതരണം**

തുശ്ചമായ ശമ്പളത്തിൽ എല്ലാവരോടുകൂടിയും നേരിട്ട് ഇടപെടുന്ന സ്തുത്യർഹ സേവനം നടത്തുന്ന നാവായിക്കുളം പഞ്ചായത്തിലെ പന്ത്രണ്ട് ആശാ വർക്കേഴ്സ് ന് കിറ്റ് വിതരണം നടത്തി. വഴി റേഷൻകട നൽകിയ കിറ്റ് വിതരണത്തിന് പാക്ക് ചെയ്യുവാൻ സഹായിച്ചു .






**ആശാ വർക്കേഴ്സിനുള്ള കിറ്റ് വിതരണം**

പഠന പദ്ധതി യുടെ ഭാഗമായി ടെലിവിഷൻ  ഇല്ലാത്ത പത്താം സ്റ്റാൻഡേർഡിൽ  പഠിക്കുന്ന ഒരു വിദ്യാർഥിക്ക് 23/6/2020 തിയതി TV വിതരണം ചെയ്യാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

# പ്രവർത്തന മികവുകളിലൂടെ















**SPC** യുടെ കീർത്തി വർദ്ധിപ്പിക്കുവാനും കേഡറ്റ്സ്ന് സാമൂഹ്യബോധം വളർത്തുവാനും ഉതകുന്ന നിരവധി സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളികളായി കർമ്മനിരതരായി എന്നും നാവായിക്കുളം **SPC** യൂണിറ്റ് മുന്നോട്ട് കുതിക്കും .